പെൺകുട്ടികൾക്ക് എതിരായ അതിക്രമങ്ങളിൽ സമൂഹത്തെ ഉണർത്താൻ സമം

തിരുവനന്തപുരം: സ്ത്രീ സമത്വത്തിനായി സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന സാംസ്കാരിക മുന്നേറ്റ പദ്ധതിയായ 'സമ'ത്തിന്റെ ലോഗോ മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു. സമം പദ്ധതിയുടെ രൂപരേഖ മന്ത്രി സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്ജ് ഐ.എ.എസിന് നൽകി പ്രകാശനം ചെയ്തു.

സമീപകാലത്ത് കേരളത്തിലെ സ്ത്രീധന മരണങ്ങൾക്കും പെൺകുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ സാംസ്കാരിക വകുപ്പ് ആവിഷ്ക്കരിച്ച സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയാണ് സമം. ഭാരത് ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്. ഡി.സി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ സമം പദ്ധതിയുടെ പ്രധാന പങ്കാളികളാണ്.

യഥാർത്ഥ ജീവിതത്തിലെയും സാഹിത്യത്തിലെയും കരുത്തുറ്റ സ്ത്രീത്വത്തെ അവതരിപ്പിക്കുന്ന മൈമുകൾ, മൂന്ന് മിനിറ്റ് ദൈർഘ്യം വരുന്ന കവിതയും, സംഗീതവും, നൃത്തവും സമന്വയിപ്പിക്കുന്ന ജിംഗിൾസ് കൊറിയോഗ്രഫി, കേരളത്തിലെ നവോത്ഥാന നാടകങ്ങളുടെയും ലോക പ്രശസ്ത നാടകങ്ങളുടെയും ഭാഗങ്ങൾ ഉൾപ്പെടുത്തിയ ദൃശ്യാവിഷ്ക്കാരങ്ങൾ, ജീവിതത്തിന്റെ നേരനുഭവങ്ങളുടെ ദൃശ്യാവിഷ്ക്കാരങ്ങളുടെ മൈക്രോ ഫിലിംസ് നിർമ്മാണം എന്നിവ ഈ പദ്ധതിയുടെ ഭാഗമായി ഭാരത് ഭവൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. മലയാളം മിഷന്റെ നേതൃത്വത്തിൽ റേഡിയോ നാടക മത്സരം, 'അവൾ സാഹിത്യത്തിൽ' എന്ന പേരിൽ മലയാള സാഹിത്യത്തിലെ സ്ത്രീ എഴുത്തിന്റെ ചരിത്രം അടയാളപ്പെടുത്തുന്ന വിവിധ പരിപാടികൾ, 'അവൾ വെള്ളിത്തിരയിൽ' എന്ന പേരിൽ മലയാള സിനിമാ ചരിത്രത്തിൽ സ്ത്രീകളെ അടയാളപ്പെടുത്തുന്ന പരിപാടി, സ്ത്രീകളുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഭാവനകളെ കുറിച്ചുള്ള പരിപാടികൾ ഒരുവർഷം നീണ്ടുനിൽക്കുന്ന പെൺകവിയരങ്ങ് എന്നിവയെല്ലാം സംഘടിപ്പിക്കുന്നുണ്ട്. സമം പദ്ധതിയ്ക്ക് വേണ്ടി കേരള ലളിതകലാ അക്കാദമി 'ലിംഗസമത്വം' എന്ന ആശയത്തെ മുൻനിർത്തി സംസ്ഥാന തലത്തിൽ പോസ്റ്റർ മത്സരം നടത്തും.

കേരളവും സ്ത്രീസമൂഹവും എന്ന വിഷയത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കൈ പുസ്തകം പ്രസിദ്ധീകരിക്കും. നവോത്ഥാന വനിതാ സാഹിത്യ ശില്പശാല ഫെലോഷിപ്പും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. സമം പദ്ധതിയുടെ ആശയം സ്വാംശീകരിക്കുന്ന അനിമേഷൻ ചിത്രങ്ങളും വനിതാ ചലച്ചിത്ര പ്രവർത്തകരുടെ ഷോർട്ട് ഫിലിമുകളും കെ.എസ്.എഫ്.ഡി.സി നിർമ്മിക്കും. സമം പദ്ധതിയുടെ ആശയ പ്രചരണത്തിനായി യുവജനകാര്യ വകുപ്പിന്റെ കീഴിലുള്ള എട്ട് സംഘടനകളെ വാർഡ് അടിസ്ഥാനത്തിൽ വിന്യസിക്കുമെന്നും മന്ത്രി സജി ചെറിയാൻ അറിയിച്ചു. സമം കോർ കമ്മിറ്റി അംഗങ്ങളായ മായ. എൻ, ഐ.എഫ്.എസ്, പ്രൊഫ. സുജാ സൂസൻ ജോർജ്ജ്, പ്രമോദ് പയ്യന്നൂർ, പ്രൊഫ. വി. കാർത്തികേയൻ നായർ, അജോയ് ചന്ദ്രൻ പങ്കെടുത്തു.

സ്ത്രീ സമത്വത്തിനായി സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന സാംസ്കാരിക മുന്നേറ്റ പദ്ധതിയായ 'സമ'ത്തിന്റെ രൂപരേഖ പ്രകാശനം മന്ത്രി സജി ചെറിയാൻ നിർവഹിക്കുന്നു

ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷൻ സമരം നടത്തി

തിരുവനന്തപുരം: കോവിഡ് ലോക്ഡൗൺ പ്രതിസന്ധിമൂലം വാടക സാധന വിതരണ മേഖലയിലെ 13 സംരംഭകർ ആത്മഹത്യ ചെയ്തുവെന്നും, ഇനിയുമൊരാത്മഹത്യ കൂടി താങ്ങാൻ കഴിയില്ലായെന്നും കേരള സ്റ്റേറ്റ് ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.വി. ബാലൻ പറഞ്ഞു.

കേരള സ്റ്റേറ്റ് ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാനത്തെ 518 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച സമരത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം സെക്രട്ടറിയേറ്റിന് മുന്നിൽ നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 16 മാസമായി തൊഴിൽ എടുക്കാൻ കഴിഞ്ഞില്ല. 20000 സംരംഭകർ, രണ്ടുലക്ഷം തൊഴിലാളികൾ ഉൾപ്പെടുന്ന മേഖല നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് ആത്മഹത്യകൾ വർദ്ധിക്കുന്നതെന്നും സർക്കാർ അടിയന്തരമായി ഇടപെടണമെന്നും അദ്ദേഹം പറഞ്ഞു. പന്തൽഡെക്കറേഷൻലൈറ്റ് & സൗണ്ട് മേഖലയെ അവശ്യ സർവ്വീസായി പ്രഖ്യാപിക്കുക, വാക്സിനേഷൻ എടുത്തവരെ മാത്രം ഉൾക്കൊള്ളിച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് 500 പേരെ വരെ ഉൾക്കൊള്ളിച്ച് പൊതുപരിപാടികൾ അനുവദിക്കുക, സർക്കാർ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ കോവിഡ് ഉത്തേജക പാക്കേജിൽ വാടക സാധന വിതരണ മേഖലയെ ഉൾപ്പെടുത്തുക, ഓടാതെ കിടക്കുന്ന വാഹനങ്ങൾക്ക് നികുതി ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം. സംസ്ഥാന വൈസ് പ്രസിഡന്റ്കമലാലയം സുകു അദ്ധ്യക്ഷത വഹിച്ചു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന സെക്രട്ടറി എസ്. എസ്. മനോജ്, അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എസ്.വി. ജയൻ, ജില്ലാ ജനറൽ സെക്രട്ടറി എസ്. ഉണ്ണികൃഷ്ണൻ, ജില്ലാ ട്രഷറർ എം. പ്രദീപ്, ലൈറ്റ് & സൗണ്ട് അസോസിയേഷൻ ജില്ലാ സെക്രട്ടറി രാജൻ, നേതാക്കളായ മുറിഞ്ഞപാലം മണിയൻ, സലാഹുദ്ദീൻ, പി.കെ.എ. അനിൽകുമാർ, സന്തോഷ് കെ.ആർ.ജി തുടങ്ങിയർ സംസാരിച്ചു. ശവമഞ്ചം ഒരുക്കിയാണ് സമരം നടത്തിയത്.

യുവതി കുഴഞ്ഞ് വീണ് മരിച്ചു; മരണത്തിൽ ദുരൂഹതയെന്ന് ആരോപണം

വിഴിഞ്ഞം: ഭർതൃ വീട്ടിൽ കുഴഞ്ഞു വീണു മരിച്ച നിലയിൽ കണ്ടെത്തിയ യുവതിയുടെ മരണത്തിൽ ദുരൂഹതയെന്ന് ആരോപണം. പോസ്റ്റ്മോർട്ടത്തിന് ശേഷം മാത്രമെ കൂടുതൽ എന്തെങ്കിലും പറയാനാകുവെന്ന് കാഞ്ഞിരംകുളം പോലീസ്. കാഞ്ഞിരംകുളം ചാണി കരുമരക്കാല വീട്ടിൽ ഷിബുവിന്റെ ഭാര്യ റാണി (27)യാണ് മരിച്ചത്.

തിങ്കളാഴ്ച വൈകിട്ട് കുഴഞ്ഞു വീണ നിലയിൽ കണ്ടെത്തിയ റാണിയെ ഭർത്താവും ബന്ധുക്കളും ചേർന്ന് മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെട്ടു.

സംഭവത്തിൽയുവതിയുടെ ബന്ധുക്കൾ ദുരൂഹത ആരോപിച്ചതിനെ തുടർന്ന് ഇന്നലെ ആർ.ഡി.ഒയുടെ സാന്നിധ്യത്തിൽ മൃതദേഹം പരിശോധന നടത്തി. പോസ്റ്റ്മോർട്ടം ഇന്ന് നടക്കും. അഞ്ചുവർഷം മുൻപാണ് ഷിബുവിന്റെയും റാണിയുടെയും വിവാഹം നടന്നത്. ഇവർക്ക് രണ്ടര വയസ്സുള്ള മകനുണ്ട്. കൈവൻവിള പെരുന്താന്നിയിൽ വസന്ത-ശശി ദമ്പതികളുടെ മകളാണ് റാണി.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: 2021-22 അധ്യയന വർഷം തിരുവനന്തപുരം ജില്ലയിൽ പുതിയതായി ആരംഭിക്കുന്ന സാമൂഹ്യപഠനമുറി സെന്ററുകളിൽ ഫെസിലിറ്റേറ്റർ നിയമനത്തിന് ജില്ലയിലെ 18നും 35നും മധ്യേ പ്രായമുള്ള അഭ്യസ്തവിദ്യരായ പ്ലസ്ടു, ടി.ടി.സി, ഡിഗ്രി, ബി.എഡ് യോഗ്യതയുള്ള പട്ടികവർഗയുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിയമനം തികച്ചും താത്ക്കാലികമായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസം 15,000 രൂപ വേതനം ലഭിക്കും. ജില്ലയിൽ ആകെ 14 ഒഴിവുകളുണ്ട്. കൂടിക്കാഴ്ച മുഖേനയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. താൽപ്പര്യമുള്ളവർ അപേക്ഷ തയ്യാറാക്കി ഈ മാസം 15ന് മുമ്പ് പ്രോജക്ടോഫിസർ, ഐ.ടി.ഡി.പി, സത്രം ജംഗ്ഷൻ, നെടുമങ്ങാട് എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

അഡ്മിഷൻ തുടരുന്നു

തിരുവനന്തപുരം: കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ കേരളത്തിലുടനീളമുള്ള നോളജ് സെന്ററുകളിൽ ജൂലൈ 12ന് തുടങ്ങുന്ന പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സിലേക്ക് അഡ്മിഷൻ തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക് 9188665545, 7012742011, ksg.ketlron.in.

ദർഘാസുകൾ ക്ഷണിച്ചു

തിരുവനന്തപുരം: കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ പശുക്കൾക്ക് ഉദ്ദേശം 40 ടൺ ഉണക്ക വൈക്കോൽ വിതരണം ചെയ്യുന്നതിനു താത്പര്യമുള്ളവരിൽ നിന്നും മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചു. താത്പര്യമുള്ളവർ ജൂലൈ 21ന് രാവിലെ 11നു മുൻപ് കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ ദർഘാസുകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0471 2732962.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) മുഖാന്തിരം തീരമൈത്രി പദ്ധതിയുടെ കീഴിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഫെസിലിറ്റേറ്റർമാരെ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ബിരുദധാരികളായ വനിതകളായിരിക്കണം അപേക്ഷകർ. തീരനൈപുണ്യ പരിശീലനം പൂർത്തിയാക്കിയ അപേക്ഷകർക്ക് മുൻഗണന നൽകുന്നതാണെന്ന് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പ്രായപരിധി 35 വയസ്സ്. അപേക്ഷ ഫോറം വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫിസിൽ നിന്നും ജില്ലയിലെ മത്സ്യഭവൻ ഓഫിസുകളിൽ നിന്നും സാഫ് വെബ്സൈറ്റ് (www.safkerala.org) വഴിയും ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 19. കൂടുതൽ വിവരങ്ങൾക്ക് 9847907161, 8138073864, 7560916058.

ഇരുപതോളം ഗവേഷണങ്ങളുമായി സംസ്ഥാന വനിതാ കമ്മീഷൻ

സ്ത്രീ വിഷയങ്ങളിലെ സമഗ്രപഠനം ഇതാദ്യം

തിരുവനന്തപുരം: സ്ത്രീസമൂഹത്തെ ബാധിക്കുന്ന ഇരുപതോളം വിഷയങ്ങളിൽ ഗവേഷണവുമായി സംസ്ഥാന വനിതാ കമ്മീഷൻ. രാജ്യത്തുതന്നെ ആദ്യമായാണ് വനിതകളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങളെ ആഴത്തിൽ പഠനവിധേയമാക്കുന്ന പദ്ധതി. കേരളത്തിലെ കുറഞ്ഞു വരുന്ന ആൺ- പെൺ ശിശു അനുപാതം, സ്ത്രീ സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ജയിൽ ശിക്ഷ അനുഭവിച്ച സ്ത്രീകളുടെ പ്രശ്നങ്ങൾ, മാധ്യമങ്ങളിലെ സ്ത്രീ സങ്കൽപം; ടി.വി സീരിയലുകളും പരസ്യങ്ങളും കൗമാരക്കാരിൽ ചെലുത്തുന്ന സ്വാധീനം തുടങ്ങിയ വിഷയങ്ങളിൽ കമ്മീഷൻ പഠനം പൂർത്തിയാക്കി.

ഓരോ വിഷയവുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിൽ വിശകലനം നടത്തിയ ശേഷമാണ് അന്തിമ റിപ്പോർട്ട് തയാറാക്കുന്നത്. പട്ടികവർഗ വിഭാഗത്തിലെ സ്ത്രീകൾക്കിടയിലുണ്ടായ സാമൂഹിക മാറ്റങ്ങൾ, കേരളത്തിലെ സ്വാധാർഗൃഹങ്ങൾ/അഭയകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം, ട്രാൻസ്ജെൻഡറുകളുടെ നിലവിലെ അവസ്ഥയും പ്രശ്നങ്ങളും, ശിഥിലമായ കുടുംബങ്ങളും ബാലപീഡനങ്ങളും, സ്ത്രീതൊഴിലാളികളുടെ തൊഴിലിടങ്ങളുടെ അവസ്ഥയും സാമൂഹിക സാമ്പത്തിക ഘടകങ്ങളും, കുട്ടികളിലെ മയക്കുമരുന്ന് ദുരുപയോഗം, കഴിഞ്ഞ 20 വർഷത്തിനിടയിലെ എസ്.സി/എസ്.ടി സ്ത്രീകളുടെ വിദ്യാഭ്യാസം, ജോലി എന്നിവയുടെ അവസ്ഥ, കേരളത്തിലെ സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ, വിദ്യാഭ്യാസമേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ, പ്രൊഫഷണൽ വിദ്യാഭ്യാസ ലോൺ എടുത്ത് കടക്കെണിയിലായ കുടുംബങ്ങൾ തുടങ്ങിയ പതിനഞ്ചോളം വിഷയങ്ങളിൽ പഠനം നടന്നുവരുന്നു. സ്ത്രീകൾക്കെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങൾ തടയാൻ ശാസ്ത്രീയമായ തിരുത്തൽ മാർഗങ്ങൾ ഗവേഷണത്തിന്റെ ഭാഗമായി രൂപപ്പെടുത്തുമെന്ന് വനിതാ കമ്മീഷൻ അധികൃതർ പറഞ്ഞു.

ഇതിനുപുറമെ കമ്മിഷന്റെ പ്രധാന പരിപാടിയായ ബോധവൽകരണം നടന്നുവരികയാണ്. കഴിഞ്ഞ നാല് വർഷത്തിനിടയിൽ വിവിധ പദ്ധതികളിലായി 1738 ബോധവൽകരണ പരിപാടികൾ വനിതാ കമ്മിഷൻ സംഘടിപ്പിച്ചു. സ്ത്രീകളുമായി ബന്ധപ്പെട്ട വൈവിധ്യമായ പ്രശ്നങ്ങളിൽ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായാണ് കേരള വനിതാ കമ്മിഷൻ വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ഓരോ വർഷവും പതിനായിരത്തിലേറെപേർ ബോധവൽകരണ പരിപാടികളിൽ പങ്കാളികളാകുന്നുണ്ട്. സെമിനാറുകൾ, ജാഗ്രതാ സമിതി പരിശീലനം, വിവാഹ പൂർവ കൗൺസലിങ്, കലാലയ ജ്യോതി എന്നിങ്ങനെ വ്യത്യസ്ത പരിപാടികളാണ് വിദ്യാർഥികൾ ഉൾപ്പെടെയുള്ള സ്ത്രീകൾക്കായി വനിതാ കമ്മിഷൻ സംഘടിപ്പിച്ചുവരുന്നത്.

1996 മാർച്ച് 14നായിരുന്നു ആദ്യ കമ്മിഷൻ ഇരുപത്തിയഞ്ചാം വർഷത്തിലെത്തുമ്പോൾ പുതിയ ഗവേഷണങ്ങൾ രാജ്യത്തിനാകെ പ്രയോജനപ്രദമാകുമെന്നാണ് കമ്മീഷൻ കരുതുന്നത്. സ്ത്രീകൾക്കെതിരെ അടിക്കടിയുണ്ടാകുന്ന അതിക്രമങ്ങൾ മാത്രമല്ല, വിവിധ ജീവിത സാഹചര്യങ്ങൾ സ്ത്രീകളെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നു എന്നുകൂടി പഠനവിധേയമാക്കുന്നത് പൊതുവേ ഗുണകരമെന്നാണ് വിലയിരുത്തപ്പെടുന്നത്. സാമൂഹിക വിപത്തുകളായ മദ്യം, മയക്കുമരുന്ന്, സ്ത്രീധനം തുടങ്ങിയവക്കെതിരെ പൊരുതുവാനും സുരക്ഷിതമായി ജീവിതം നയിക്കുവാനും പ്രേരണ നൽകുന്ന കലാലയ ജ്യോതി പരിപാടി ഹയർ സെക്കൻഡറി സ്കൂളുകളിലും കോളജുകളിലുമായാണ് നടത്തിവരുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ച പ്രവർത്തിക്കുന്ന ജാഗ്രതാ സമിതി അംഗങ്ങൾക്കും പരിശീലനം നൽകിവരുന്നു. ഈ പരിപാടി വ്യാപിപിക്കാനും കമ്മീഷന് പദ്ധതിയുണ്ട്.

ഹ്രസ്വചിത്ര പ്രൊമോ വീഡിയോ പ്രകാശനം ചെയ്തു

തിരുവനന്തപുരം: അനശ്വര നടൻ സത്യന്റെ സ്മാരകമായി കഴക്കൂട്ടം കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ നിർമ്മിച്ച ചലച്ചിത്ര അക്കാദമിയുടെ ആസ്ഥാന മന്ദിരവും സെന്റർ ഫോർ ഇൻറർനാഷണൽ ഫിലിം റിസേർച്ച് ആന്റ് ആർക്കൈവ്സ് (സിഫ്ര) എന്ന ചലച്ചിത്ര ഗവേഷണ കേന്ദ്രവും മന്ത്രി സജി ചെറിയാൻ സന്ദർശിച്ചു.

രാവിലെ 9.30ന് അക്കാദമി കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ഹ്രസ്വചിത്രമേളയുടെ പ്രൊമോ വീഡിയോ മന്ത്രി പ്രകാശനം ചെയ്തു. കോവിഡ് 19 രോഗവ്യാപനത്തെ തുടർന്നുണ്ടായ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ 'ഏകാന്തവാസവും അതിജീവനവും' (Isolation and Survival) എന്ന വിഷയത്തെ ആസ്പദമാക്കി ചലച്ചിത്ര അക്കാദമി നടത്തിയ ഹ്രസ്വചിത്ര തിരക്കഥാ രചനാ മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട 10 തിരക്കഥകളുടെ ദൃശ്യാവിഷ്കാരങ്ങളായ ഹ്രസ്വചിത്രങ്ങൾ യൂട്യൂബിലൂടെ റിലീസ് ചെയ്യുന്നതിന്റെ മുന്നോടിയായാണ് ഈ പ്രകാശനം. ചലച്ചിത്ര അക്കാദമിയുടെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനങ്ങളുടെ സചിത്രവിവരണങ്ങളടങ്ങിയ സ്മരണികയുടെ പ്രകാശനകർമ്മവും മന്ത്രി സജി ചെറിയാൻ നിർവഹിച്ചു.ചടങ്ങിൽ ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, സെക്രട്ടറി സി.അജോയ്, വൈസ് ചെയർപേഴ്സൺ ബീനാപോൾ, ട്രഷറർ സന്തോഷ് ജേക്കബ് കെ എന്നിവർ പങ്കെടുത്തു.

ഹ്രസ്വചിത്രങ്ങൾ 9,10,11തീയതികളിലായി അക്കാദമിയുടെ യൂട്യൂബ് ചാനലിലൂടെ (www.youtube.com/c/KeralaStateChalachtiraAcademy) റിലീസ് ചെയ്യും. സെപ്റ്റംബറിൽ നടക്കുന്ന 13-ാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേളയിൽ പ്രത്യേക പാക്കേജായി പ്രദർശിപ്പിക്കുകയും ചെയ്യും.

സി. കേശവന് ആദരാഞ്ജലി

തിരുവനന്തപുരം: തിരു-കൊച്ചി മുഖ്യമന്ത്രിയും സ്വാതന്ത്ര്യസമര സേനാനിയും സാമൂഹ്യ പരിഷ്കർത്തവുമായിരുന്ന സി. കേശവന്റെ 52-ാം ചരമവാർഷികം ഡി.സി.സിയിൽ ആചരിച്ചു. സി. കേശവന്റെ ഛായാചിത്രത്തിൽ ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനലിന്റെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തി. ഡി.സി.സി ജനറൽ സെക്രട്ടറി ആർ. ഹരികുമാർ, യു.ഡി.എഫ് നേതാക്കളായ കരുമം സുന്ദരേശൻ, കെ. എസ് സനൽകുമാർ, എം.ആർ മനോജ് തുടങ്ങിയവർ പങ്കെടുത്തു.

പാചകവാതക വില വർധനവിനെതിരെ വീട്ടമ്മമാർ ഏജീസ് ഓഫീസിന് മുന്നിൽ അടുപ്പ് കൂട്ടി പ്രതിഷേധിച്ചപ്പോൾ

കോവിഡ് വാക്സിൻ വിതരണത്തിൽ അപാകതയെന്ന് കോൺഗ്രസ്

തിരുവനന്തപുരം: ജില്ലയിൽ കോവിഡ് വാക്സിനേഷനിൽ ക്രമക്കേടും വിവേചനവും നടക്കുകയാണെന്ന് കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റുമാരുടെ യോഗം ചൂണ്ടിക്കാട്ടി. സെക്കണ്ട് വാക്സിൻ എടുക്കാനുള്ള അറിയിപ്പ് കിട്ടിയവർപോലും വാക്സിനുവേണ്ടി പരക്കം പായുകയാണ്. ആശുപത്രികളിൽ വാക്സിൻ ലഭ്യമാക്കുന്നതിലും പോരായ്മകളുണ്ട്. ആരോഗ്യവകുപ്പിന്റെ അവകാശവാദങ്ങളല്ലാതെ ആശുപത്രികളിൽ ആവശ്യത്തിന് വാക്സിൻ നൽകുന്നില്ല. സ്വകാര്യ ആശുപത്രികളിൽ യഥേഷ്ടം വാക്സിൻ ഉള്ളപ്പോഴാണ് സർക്കാർ ആശുപത്രികളിൽ വാക്സിൻ ലഭിക്കാതെ ജനങ്ങൾ നെട്ടോട്ടമോടുന്നതെന്നും ഇത് സ്വകാര്യ ആശുപത്രികളെ സഹായിക്കാനാണെന്നും യോഗം കുറ്റപ്പെടുത്തി. യോഗത്തിൽ ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ അധ്യക്ഷത വഹിച്ചു.

ലേല നടപടി 12ന്

തിരുവനന്തപുരം: നഗരസഭയിലെ വിവിധ വാർഡുകളിൽ ദുരന്ത നിവാരണത്തിന്റെ ഭാഗമായി അടിയന്തിര ഘട്ടത്തിൽ മുറിച്ചുമാറ്റപ്പെട്ട മരങ്ങളുടേയും ശിഖരങ്ങളുടേയും മുഖവില നിശ്ചയിച്ച് വനംവകുപ്പിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ആയതിന്റെ ലേല നടപടി 12ന് രാവിലെ 11 മണിക്ക് നഗരസഭ മെയിൻ ഓഫീസിൽ വെച്ച് നടക്കുന്നു. ഒൻപതാം തീയതിവരെ ക്വട്ടേഷൻ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് നഗരസഭ റവന്യൂ നോൺടാക്സ് വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.

സ്മാർട്ട് ഫോൺ വിതരണം ചെയ്തു

കല്ലമ്പലം: നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ നാലാം വാർഡ് കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത രണ്ട് വിദ്യാർത്ഥികൾക്ക് സ്മാർട്ട് ഫോണുകൾ വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം മുൻ എം.എൽ.എ വർക്കല കഹാർ നിർവഹിച്ചു.

നാവായിക്കുളം ഹയർ സെക്കൻഡറി സ്കൂൾ പ്ലസ്ടു വിദ്യാർത്ഥിനിക്കും, നാവായിക്കുളം ഗവൺമെന്റ് എൽ.പി.എസിലെ മൂന്നാം ക്ലാസ് വിദ്യാർഥിനിക്കുമാണ് ഫോണുകൾ വിതരണം ചെയ്തത്. ഈ വിദ്യാർത്ഥിനികൾക്ക് ഓൺലൈൻ പഠനത്തിന് അവസരം ഇല്ല എന്ന് കാണിച്ച് അധ്യാപകരും പി.ടി.എയും അറിയിച്ചതനുസരിച്ചാണ് വാർഡ് കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്മാർട്ട് ഫോൺനുകൾ വിതരണം ചെയ്തത്. ചടങ്ങിൽ അഡ്വ. എം.എം താഹ, നടരാജൻ നാവായിക്കുളം, രാമചന്ദ്രൻ മുല്ലനലൂർ, ജിഹാദ്, ബ്ലോക്ക് മെമ്പർ ആസിഫ് കടയിൽ, സിയാദ് കല്ലമ്പലം, സബാഹ് മരുതിക്കുന്ന്, മുഹമ്മദ് കുഞ്ഞ്, ഗോപിനാഥ കുറുപ്, നിസ്സാം മരുതികുന്ന്, ഇർഷാദ് തുടങ്ങിയവർ സംസാരിച്ചു.

കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത രണ്ട് വിദ്യാർത്ഥികൾക്ക് സ്മാർട്ട് ഫോണുകൾ മുൻ എം.എൽ.എ വർക്കല കഹാർ വിതരണം ചെയ്യുന്നു

ചന്ദ്രിക ക്ലാസിഫൈഡ്സ്

നോട്ടീസ്

മാർച്ച് 1984 വർഷത്തെ 465687 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദ